LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വൈദ്യുതീകരണം

57 [358] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വൈദ്യുതീകരണത്തിനായി സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് എന്തെങ്കിലും പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) മേൽസമർപ്പിച്ച പദ്ധതിയിൽ കാസർഗോഡ് ജില്ലയിലെ ഏതൊക്കെ കോളനികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ). (ബി) & (സി) പുതിയതായി ഒരു പദ്ധതിയും അനുവാദം ലഭിക്കുന്നതിനു വേണ്ടി കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിട്ടില്ല.

കുടിവെള്ള വിതരണ പദ്ധതികൾക്കാവശ്യമായ വൈദ്യുതി

58 [359] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾ നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതികൾക്കാവശ്യമായ വൈദ്യുതി ചെലവുകൾ ഗുണഭോക്തൃ കമ്മിറ്റികൾ അടയ്ക്കുന്നത് ഒഴിവാക്കുവാൻ വൈദ്യുതി ബോർഡ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഏതെങ്കിലും ശുദ്ധജല വിതരണ പദ്ധതികൾക്ക് ഇപ്പോൾ സൗജന്യ വൈദ്യുതി ലഭ്യമാക്കുന്നുണ്ടോ;

(സി) ത്രിതല പഞ്ചായത്തുകൾ നടപ്പിലാക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾക്കാവശ്യമായ വൈദ്യുതി സൗജന്യമായി നൽകുവാൻ വൈദ്യുതി ബോർഡ് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) & (സി) ജലനിധി, ജലധാര, സുജൽധാരാ പദ്ധതികൾക്ക് കൊമേഴ്ഷ്യൽ താരിഫിന് പകരം ഗാർഹിക നിരക്ക് ഈടാക്കിയാൽ മതിയെന്ന് 15-12-2004-ലെ ബോർഡ് ഓർഡർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.